**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2161** **14-10-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റ് സംബന്ധിച്ച്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 (213/21) റാങ്ക് ലിസ്റ്റിൽ നിന്നും 03/10/24 വരെ നിയമന ശിപാർശ നൽകിയതിൽ എത്രപേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്; പ്രവേശിക്കാത്തവർ എത്ര; ഇതു വരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | (എ) | സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 തസ്തികയിലെ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് (കാറ്റഗറി നം. 213/21)-ൽ നിന്നും 03/10/2024 വരെ പി.എസ്.സി നൽകിയ നിയമന ശിപാർശകളുടെ എണ്ണം 913 ആണ്. ആയതിൽ 841 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുള്ളതും ഇതിൽ 582 പേർ ഇതുവരെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. 72 പേർക്കുള്ള നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനത്തിനായി 12/11/2020 മുതൽ നാളിതുവരെ 958 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തു. വിശദ വിവരം ചുവടെ ചേർക്കുന്നു.<br>പ്രതീക്ഷിത ഒഴിവ് - 202<br>ശൂന്യവേതന അവധി - 363<br>എൻ.ജെ.ഡി - 304<br>മറ്റ് ജോലി ലഭിച്ചവർ – 89<br>ആകെ - 958 |
| (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്റ്റാഫ് നേഴ്സ് തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഫയൽ നമ്പർ നൽകാമോ; | (ബി) | ഉണ്ട്.<br>ഫയൽ നമ്പർ- ബി4/150/2023-ഹെൽത്ത് |
| (സി) | ഡി.എം.ഇ-യ്ക്ക് കീഴിലുള്ള സ്ഥാപനങ്ങളിലേക്ക് നേഴ്സിംഗ് ഓഫീസർ ഗ്രേഡ്-2/നേഴ്സിംഗ് കേഡർ തസ്തികകളിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് ഏതെങ്കിലും പ്രൊപ്പോസലുകൾ നിലവിലുണ്ടോ; വിശദമാക്കാമോ? | (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ചുവടെ ചേർക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ നേഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-II) തസ്തികകൾ സൃഷ്ടിക്കുന്നതിന് വേണ്ടി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 1. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ്<br><br>2. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ്<br><br>3. കോന്നി സർക്കാർ മെഡിക്കൽ കോളേജ്<br><br>4. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്.<br><br>5. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ്<br><br>6. എറണാകുളം സർക്കാർ മെഡിക്കൽ കോളേജ്. |

സെക്ഷൻ ഓഫീസർ